## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4600** 23.07.2015-ൽ മറുപടിയ്ക്ക്

# നോ ലോഡ്ഷെഡിംഗ് കാമ്പയിൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ജോസഫ് വാഴയ്ക്കൻ :<br>ശ്രീ. ടി. എൻ. പ്രതാപൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നോ ലോഡ് ഷെഡിംഗ് കാമ്പയിൻ നടത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; | (ബി) | വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കാൻ വേണ്ടി ഊർജ്ജ സംരക്ഷണം ഒരു ദിനചര്യയാക്കാൻ ഉപഭോക്താക്കളെ നിരന്തരം ഓർമ്മിപ്പിക്കുകയും പ്രേരിപ്പിക്കുകയും സജ്ജമാക്കുകയും ചെയ്യുക, ഭാവിയിലേക്ക് ഊർജ്ജം കരുതുന്നതിനായി ഊർജ്ജ സ്രോതസ്സുകളുടെ അമിത ചൂഷണം തടയുക, ഉപഭോക്താക്കളുമായി സഹകരിച്ച് ഊർജ്ജസംരക്ഷണത്തിലൂടെ വൈദ്യുതി ലാഭിക്കുക, 10 ശതമാനത്തിലധികം വൈദ്യുതി ലാഭിച്ച ഫീഡറുകൾ കേന്ദ്രീകരിച്ച് ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കുക തുടങ്ങിയവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ. |
| (സി) പ്രസ്തുത പരിപാടി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | പഞ്ചായത്തുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റു സ്ഥാപനങ്ങൾ, എന്നിവയും ജനപ്രതിനിധികളുമായും സഹകരിച്ച് 24 ഫീഡറുകൾ കേന്ദ്രീകരിച്ച് നോ ലോഡ്ഷെഡ്ഡിംഗ് കാമ്പയിൻ നടത്തി. കാമ്പയിനിന്റെ വിജയത്തിനായി സെക്ഷൻ ഓഫീസുകളെ പരമാവധി പ്രയോജനപ്പെടുത്തിയിരുന്നു. പദ്ധതി വിജയകരമായി നടപ്പാക്കിയ ഫീഡറുകളുടെ പരിധിയിലുള്ളവർക്കും ഊർജ്ജലാഭം വരുത്തിയവർക്കും പ്രോത്സാഹനമായി വിവിധ സമ്മാനങ്ങൾ നൽകി. |

**സെക്ഷൻ ഓഫീസർ.**